**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4380** **09-08-2021 - ൽ മറുപടിയ്ക്ക്**

**ചരക്ക് ഇടനാഴി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി തുറമുഖത്തുനിന്ന് ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേക്കുള്ള ചരക്ക് നീക്കവും തുടർന്ന് കൊല്ലത്തേയ്ക്കുള്ള സേവനം നീട്ടലും ഉൾപ്പെട്ട പദ്ധതി പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്, വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുന:രാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 03/07/2021 മുതൽ സർവ്വീസുകൾ നടത്തിവരുന്നു. തീരദേശ കപ്പൽ ഗതാഗതം കൊച്ചിയിൽ നിന്ന് കൊല്ലത്തേക്ക് നീട്ടുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത ചരക്ക് ഇടനാഴി പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്തുവോ; എങ്കിൽ അതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടവും കേന്ദ്ര സർക്കാർ സഹായങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | ചരക്ക് ഇടനാഴി പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്തത് സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പുകൾ ലഭ്യമായിട്ടില്ല. |
| (സി) | ഇതുവഴി ബേപ്പൂർ, അഴീക്കൽ, കൊച്ചി, കൊല്ലം തുറമുഖങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും തൊഴിലാളികൾക്ക് ലഭ്യമാകുന്ന തൊഴിലുറപ്പും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | തീരദേശ കപ്പൽ ഗതാഗതം വഴി ചരക്ക് കൈകാര്യം ചെയ്യുമ്പോൾ തുറമുഖത്തിന്റെ വരുമാനം വർദ്ധിക്കും. മാത്രമല്ല നിലവിൽ റോഡ് വഴി കൈകാര്യം ചെയ്തു കൊണ്ടിരിക്കുന്ന ചരക്കുകൾ റോഡിൽ നിന്നുമാറി തീരദേശ കപ്പൽ ഗതാഗതം വഴിയാകുമ്പോൾ റോഡിലെ തിരക്കും അപകടങ്ങളും ഗണ്യമായി കുറയും. തീരദേശകപ്പൽ ഗതാഗതം വഴി ചരക്കുകൾ കൈകാര്യം ചെയ്യുമ്പോൾ പരിസ്ഥിതി മലിനീകരണം വളരെ കുറവായിരിക്കും. തീരദേശ കപ്പൽ ഗതാഗതത്തിന്റെ ഭാഗമായി കണ്ടൈനർ ചരക്കുകൾ എത്തുന്നതുമൂലം പ്രസ്തുത തുറമുഖങ്ങളിൽ തൊഴിലവസരങ്ങൾ വർദ്ധിക്കും. |

സെക്ഷൻ ഓഫീസർ